## പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 2318 15.7.2011 - ലെ മറുപടി

## തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | (എ) | പൂർത്തിയായിട്ടുണ്ട് |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലേക്ക് സർക്കാർ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) | വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. |
| (സി) | ഈ സ്ഥാപനത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന് തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ നിന്നും നമ്പർ ലഭിക്കാത്തതിനാലാണ് വൈദ്യുതി കണക്ഷൻ ലഭിക്കാത്തത്. |
| (ഡി) | മിനി സിവിൽ സ്റ്റേഷൻ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതിന് സാങ്കേതികമായ എന്തെല്ലാം നടപടികളാണ് ഇനി ആവശ്യമായിട്ടുള്ളത്; | ഡി യും, ഇ യും | കെട്ടിടത്തിന് ഫയർ ആന്റ് സേഫ്റ്റിക്കും റെയിൻ വാട്ടർ ഹാർവെസ്റ്റിങ്ങിനും ആവശ്യമായ നിർമ്മാണ ജോലികൾ ചെയ്യേണ്ടതുണ്ട്. മേൽ സാങ്കേതിക തടസ്സം ഉണ്ടെങ്കിലും കെട്ടിടത്തിന്റെ പ്രാധാന്യം ഉദ്ദേശിച്ച് ജില്ല വികസന സമിതി കെട്ടിടത്തിന് താൽക്കാലിക നമ്പർ നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കെട്ടിടത്തിന് നമ്പർ ലഭ്യമായാൽ മിനി സിവിൽ സ്റ്റേഷൻ കെട്ടിടം തഹസിൽദാർക്ക് പി.ഡബ്ല്യു.ഡി കൈമാറുന്നതാണ്. അതിനുശേഷം അലോട്ട്മെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന വിവിധ വകുപ്പുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കികൊണ്ട് പ്രവർത്തനം ആരംഭിക്കാവുന്നതാണ്. |
| (ഇ) | ആയവ ഉറപ്പാക്കി എന്ന് സ്ഥാപനം പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുമെന്ന് അറിയിക്കുമോ ? | | |

Signature

സെക്ഷൻ ഓഫീസർ